# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഉടുമ്പൻചോല നിയോജക മണ്ഡലം - അസംബ്ലി മണ്ഡല ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ)നം. 23/2015/തസ്വഭവ തിരുവനന്തപുരം, തീയതി : 06.01.2015.

---

പരാമർശം:-(1) ജി.ഒ(പി) നം.332/2012/ധന; തീയതി 11.06.2012.

(2) ശ്രീ.കെ.കെ.ജയചന്ദ്രൻ, ഉടുമ്പൻചോല നിയോജകമണ്ഡലം എം.എൽ.എയുടെ 20.10.2014-ലെ കത്ത്

(3) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 01.11.2014-ലെ ഡിബി6/10181/2014/സി.ഇ/തസ്വഭവ നമ്പർ കത്ത്

## ഉത്തരവ്

അസംബ്ലി മണ്ഡല ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ശ്രീ.കെ.കെ.ജയചന്ദ്രൻ, ഉടുമ്പൻചോല നിയോജക മണ്ഡലം എം.എൽ.എയുടെ 2014-15 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതി പ്രകാരം ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി പരാമർശം (3) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഗ്രാമപഞ്ചായത്ത് | എസ്റ്റിമേറ്റ് തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | മുല്ലക്കാനം-ചാലിപ്പടി ശ്രീനാരായണപുരം റോഡ് മെറ്റലിംഗും ടാറിംഗും | രാജാക്കാട് | 40.00 |
| 2 | കുത്തുങ്കൽ-ചങ്ങാടക്കടവ് റോഡ് നിർമ്മാണം | രാജാക്കാട് | 30.00 |
| 3 | കിളവികുളം വിളക്ക്-കിളവികുളം റോഡ് ടാറിംഗ് | ഉടുമ്പൻചോല | 25.00 |
| 4 | പ്രകാശ്ഗ്രാം - പള്ളിപ്പടി -നാലുമുക്ക്-കൂട്ടാർ റോഡ് നിർമ്മാണം | കരുണാപുരം | 30.00 |
| 5 | തോവാളപ്പടി ഭാഗത്ത് പാലം നിർമ്മാണം (ട്രിപ്പിൾ സെൽ ബോക്സ് കൾവർട്ട് നിർമ്മാണം) | കരുണാപുരം | 30.00 |
| 6 | ഇടപ്പാറ-നടുമുറ്റം റോഡ് പുനരുദ്ധാരണം | രാജകുമാരി | 40.00 |
| 7 | കൂമ്പൻപാറ-നിർമ്മലാപുരം-ഗജേന്ദ്രപുരം റോഡ് (അല്ലിയാർ വഴി) പുനരുദ്ധാരണം | പാമ്പാടുംപാറ | 40.00 |
| | **ആകെ** | | **235.00** |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.കെ.കെ.ജയചന്ദ്രൻ, ഉടുമ്പൻചോല നിയോജക മണ്ഡലം എം.എൽ.എയുടെ 2014-15 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതി പ്രകാരം മേൽപരാമർശ പ്രവൃത്തികൾ പരാമർശം (1) ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായും എല്ലാവിധ വകുപ്പുതല നടപടികൾക്ക് വിധേയമായും നടപ്പാക്കുവാൻ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇത് സംബന്ധിച്ച എസ്റ്റിമേറ്റ് ചെലവ് ആകെ 235,00,000/-രൂപ (ഇരുനൂറ്റി മുപ്പത്തി അഞ്ച് ലക്ഷം രൂപ മാത്രം) '4515-00-800-96-Projects under LAC-ADS(NP)' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സി.വത്സല
ജോയിന്റ് സെക്രട്ടറി

ശ്രീ.കെ.കെ.ജയചന്ദ്രൻ, എം.എൽ.എ (ഉപരിപത്രം സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി ഡിവിഷൻ, ഇടുക്കി.
സെക്രട്ടറി, രാജാക്കാട് ഗ്രാമപഞ്ചായത്ത്, ഇടുക്കി
സെക്രട്ടറി, ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്, ഇടുക്കി
സെക്രട്ടറി, കരുണാപുരം ഗ്രാമപഞ്ചായത്ത്, ഇടുക്കി
സെക്രട്ടറി, രാജകുമാരി ഗ്രാമപഞ്ചായത്ത്, ഇടുക്കി
സെക്രട്ടറി, പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത്, ഇടുക്കി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, ആഡിറ്റ്, കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, എ&ഇ, കേരള, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി, തിരുവനന്തപുരം
ധനകാര്യ(നോഡൽ സെന്റർ-ബി)വകുപ്പ്(98544/എൻ.സി-ബി2/2014/ധന; തീയതി: 15.12.2014.)
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ